

Patron







# SOLACE MISSION

Reg. No. IV 144/13
Anaswara, T.C. 16/502(1), Thycaud P.O., Jagathy, Thiruvananthapuram - 14
www.solacemission.com e-mail : solacemissionbharath@gmail.com





# SOLACE MISSION

Reg. No. IV 144/13
Anaswara, T.C. 16/502(1), Thycaud P.O.
Jagathy, Thiruvananthapuram - 14
www.solacemission.com
e-mail : solacemissionbharath@gmail.com

# സൊലേസ് മിഷൻ
## (Solace Mission)

സമൂഹത്തിൽ സാമ്പത്തിക ബുദ്ധിമുട്ടനുഭവിക്കുന്ന രോഗികൾക്കും വിദ്യാർത്ഥികൾക്കും ആശ്വാസം പകരുവാനായി രൂപം കൊണ്ട ഒരു പ്രസ്ഥാനമാണ് സൊലേസ് മിഷൻ . സാധാരണയിൽ നിന്നും വ്യത്യസ്തമായി തങ്ങളാലാവുന്ന സഹായം രോഗിയെ ചികിത്സിക്കുന്ന ആശുപത്രി അധികൃതർക്കോ പഠിപ്പിക്കുന്ന വിദ്യാലയത്തിലോ എത്തിക്കുവാനുള്ള സംവിധാനം ഈ പ്രസ്ഥാനം ആവിഷ്കരിച്ചിരിക്കുന്നു. രോഗികളുടെയോ വിദ്യാർത്ഥികളുടെയോ വിവരം കിട്ടുന്നതനുസരിച്ച് അതേക്കുറിച്ച് അന്വേഷിച്ച് അധികൃതരുമായി ബന്ധപ്പെട്ടാണ് തങ്ങളുടെ പദ്ധതി നടപ്പാക്കുന്നത്. ഭാവിയിൽ ഇങ്ങിനെയുള്ള ചികിത്സാ സ്ഥാപനങ്ങളുമായോ വിദ്യാലയങ്ങളുമായോ സൊലേസ് മിഷൻ ഒരു കരാറിൽ ഏർപ്പെടുവാൻ ഉദ്ദേശിക്കുന്നു.

സഹായിക്കുവാനുള്ള സാമ്പത്തിക സംഭരണവും വ്യത്യസ്തമാണ്. താല്പര്യമുള്ള ആർക്കും സൊലെസ് മിഷന്റെ അക്കൗണ്ട് നമ്പറായ 067259118320 (എസ്.ബി.റ്റി. വഴുതക്കാട് ശാഖ) ലേക്ക് തുക നേരിട്ടിടാവുന്നതാണ്. സ്വീകരിക്കുന്ന തുകയ്ക്ക് അപ്പോൾ റിസീപ്റ്റ് നൽകുവാനുള്ള സാങ്കേതിക രീതികളും ആവിഷ്കരിച്ച് വരുന്നു.വിദേശത്തുള്ളവർക്ക് മണി ട്രാൻസ്ഫർ വഴി സഹായം എത്തിക്കാവുന്നതാണ്.

തിരുവിതാംകൂർ രാജകുടുംബത്തിലെ പൂയ്യം തിരുനാൾ പാർവ്വതി ബായി ആണ് മുഖ്യ രക്ഷാധികാരി. തല്പരരായ അഞ്ചു പേർ ചേർന്നുള്ള ഒരു ട്രസ്റ്റ് ആയിട്ടാണ് ഇത് രജിസ്റ്റർ ചെയ്തിരിക്കുന്നത്. (രജി.നം) 1/44/2013. ശ്രീ എം. കെ. ഉണ്ണിക്കൃഷ്ണ പണിക്കർ (മെമ്പർ പെർമനന്റ് ലോക് അദാലത്ത്) പ്രസിഡന്റും , ശ്രീ വെള്ളായണി ശ്രീകുമാർ (പ്രസിഡന്റ് പ്രവാസി മലയാളി അസ്സോസ്സിയേഷൻ) സെക്രട്ടറിയും , ശ്രീ. സി. സുരേഷ്കുമാർ (ബിസിനസ്സ്) ട്രഷററുമാണ്. പ്രൊഫ. എ. കെ.ചന്ദ്രശേഖരൻ, ഡോ. ലളിത അപ്പുക്കുട്ടൻ എന്നിവർ അംഗങ്ങളാണ്. വിദേശത്തുള്ള ശ്രീ. കെ. ജി. അനിൽ കുമാർ , ശ്രീ. എം. ടി. തോമസ് എന്നിവർ ട്രസ്റ്റ് മെമ്പറാകുവാൻ താല്പര്യം പ്രകടിപ്പിച്ചിട്ടുണ്ട്. പ്രൊഫ. എ.കെ ചന്ദ്രശേഖരൻ വൈസ് പ്രസിഡന്റാണ്.

ജനുവരി 1 ന് ആദ്യത്തെ സംഭാവനആർ.സി.സി യിലെ ഒരു രോഗിക്ക് ശ്രീ അനിൽകുമാർ നൽകി പ്രവർത്തനത്തിന് തുടക്കമിട്ടു. വീണ്ടും ഫെബ്രുവരി 1 ന് അനന്തപുരിയിൽ ചികിത്സയിൽ കഴിയുന്ന ശ്രീ സജിത് കുമാർ എന്ന രോഗിയുടെ ചികിത്സാ സഹായമായി 10000/- രൂപ ഡോ. മാർത്താണ്ഡൻ പിള്ള (മാനേജിങ് ഡയറക്ടർ, അനന്തപുരി ആശുപത്രി) ക്കു ട്രസ്റ്റ് പ്രസിഡന്റ് ശ്രീ .എം. കെ. ഉണ്ണിക്കൃഷ്ണ പണിയ്ക്കർ നൽകുകയുണ്ടായി.

സൊലേസ് മിഷന്റെ പ്രവർത്തനം ഊർജ്ജിതപ്പെടുത്തുവാൻ എല്ലാസുഹൃത്തുക്കളുടേയും സഹകരണം അഭ്യർത്ഥിക്കുന്നു.

അനശ്വര, ടി.സി. 16/502(1), തൈക്കാട് പി.ഒ., ജഗതി, തിരുവനന്തപുരം - 14

**ബന്ധപ്പെടേണ്ട നമ്പരുകൾ**

**9447216912, 9847427777**

**8547540060 & 9946601305**

Website : www.solacemission.com

e-mail : solacemissionbharath@gmail.com